## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2635** **17.06.2019-ലെ മറുപടിയ്ക്ക്**

## ഭൂമി കൈവശാവകാശം സംബന്ധിച്ച ഹൈക്കോടതിയുടെ വിധി

**ചോദ്യം** **മറുപടി**

**ശ്രീ.പി.സി. ജോർജ്**

**അഡ്വ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂമി കൈവശാവകാശം സംബന്ധിച്ച കേസുമായി ബന്ധപെട്ട് ബഹു.കേരള ഹൈക്കോടതി 18.03.2019 -ൽ പുറപ്പെടുവിച്ച W.A.No.694/2019 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ; | (എ) | WP(C) 4501/2018 നമ്പർ കേസിലെ ഹർജ്ജിക്കാരായ ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീ സർവ്വെ നമ്പർ 7/1, 7/2, 7/4, 7/7 എന്നീ സർവ്വെ നമ്പരുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻഗാമികൾ തൊട്ട് ടിയാന്മാരുടെ കൈവശമുണ്ടെന്നും ആയതിന് 01.01.1977 ന് മുമ്പുള്ള കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്ന Kerala Land Assignment (Regularization of occupations of Forest Lands prior to 01/01/1977) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്നും കാണിച്ചാണ് WP(C) No.4501/2018 നമ്പർ കേസ് നൽകിയത്. ഹർജ്ജിക്കാരുടെ ആവശ്യം തള്ളി 08.11.2018 ന് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധിയിലെ പ്രസക്തമായ വസ്തുതകൾ താഴെ പറയുന്നു.<br>1. 1993 ലെ Kerala Land Assignment (Regularization of occupations of Forest Lands prior to 01/01/1977) Special Rules, സെക്ഷൻ 2(f)ൽ നിർവ്വചിച്ചിരിക്കുന്ന 'ഭൂമി ' എന്നതിൽ നിക്ഷിപ്ത വനഭൂമി ഉൾപ്പെടുന്നില്ല.<br>2. 1971 ലെ വെസ്റ്റഡ് ഫോറസ്റ്റ് ആക്ടിലോ, 2003 ലെ ഇ എഫ് എൽ ആക്ടിലോ ഉൾപ്പെടുന്ന സ്ഥലം 1993 ലെ സ്പെഷ്യൽ റൂൾസിൽ നിർവ്വചിച്ചിരിക്കുന്ന 'Land' എന്ന വിഭാഗത്തിൽ വരുന്നില്ല.<br>ഒ.എ. 1178/1974 കേസിലുൾപ്പെട്ടതും പാലക്കാട് ഫോറസ്റ്റ് ട്രിബ്യൂണലിൽ കേസ് നടത്തിയതുമായ 29.2 ഏക്കർ നിക്ഷിപ്ത വനത്തിൽപെട്ടതാണ് ഹർജ്ജിക്കാരൻ അവകാശമുന്നയിച്ച ഭൂമി. ടി കേസ് 09.02.1978 ൽ ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. തുടർന്ന് ഹർജ്ജിക്കാരൻ ബഹു.കേരള ഹൈക്കോടതിയിൽ എം എഫ് എ 664/1998, 708/1998 എന്നിവ ഫയൽ ചെയ്തെങ്കിലും ടി കേസുകളും കോടതി തള്ളിക്കളയുകയും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. ഈ വസ്തുതകൾ മറച്ചു വെച്ചു കൊണ്ടാണ് ടി അവകാശമുന്നയിച്ചിരിക്കുന്ന ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | തടസ്സപ്പെടുത്താതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾക്കായി വീണ്ടും ഹൈക്കോടതിയെ സമീപിച്ചതും 08.11.2018 ലെ ഉത്തരവിലൂടെ കോടതി അത് നിരാകരിച്ചതും. ടി സ്ഥലം ഇപ്പോഴും വനം വകുപ്പിന്റെ അധീനതയിലും, നിയന്ത്രണത്തിലുമുള്ള നിക്ഷിപ്തവനമാണ്. WP(C) 4501/2018 കേസിൽ 08.11.2018 ലെ വിധിക്കെതിരെ 05.01.2019 ൽ ഹർജ്ജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്തെങ്കിലും 18.03.2019 ലെ വിധിന്യായത്തിലൂടെ ബഹു. കേരള ഹൈക്കോടതി ടി അപ്പീൽ തള്ളിക്കളഞ്ഞിരിക്കുകയാണ്. സ്ഥലം നിലവിൽ വനം വകുപ്പിന്റെ കൈവശത്തിലും നിയന്ത്രണത്തിലും ഉള്ള നിക്ഷിപ്ത വനം ആകയാൽ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 01.01.1977-ന് മുൻപ് നിക്ഷിപ്ത വനഭൂമിയും റിസർവ്വ് വനവും കൈവശം വച്ചുവരുന്ന കർഷകരെ വനം വകുപ്പ് കുടിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ? | (ബി) | 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻറ് അസൈൻമെൻറ്) ആക്ട് പ്രകാരം സ്വകാര്യവനങ്ങൾ 10.05.1971 ൽ സർക്കാരിൽ നിക്ഷിപ്തമായി. ഇപ്രകാരമുള്ള നിക്ഷിപ്തമാകലിനെതിരെ ഉടമസ്ഥർ ഫോറസ്റ്റ് ട്രൈബ്യൂണലിൽ ഒ.എ. ഫയൽ ചെയ്യുകയും തോൽക്കുന്നപക്ഷം ഹൈക്കോടതിയിൽ എം.എഫ്.എ. യും സുപ്രീം കോടതിയിൽ എസ്.എൽ.പി യും ഫയൽ ചെയ്യുന്നു. ടി കേസുകളിലെ വിധിക്കനുസരിച്ചുള്ള നടപടികളാണ് നിക്ഷിപ്ത വനത്തിന്റെ സംഗതികളിൽ വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. 1993 ലെ സ്പെഷ്യൽ റൂൾസ് നിക്ഷിപ്തവനത്തിന് ബാധകമല്ലാത്തതാകയാൽ ഈ നിയമം വച്ച് ആരെയും നിക്ഷിപ്തവനത്തിൽ നിന്നും കുടിയിറക്കുന്നതിനുള്ള നടപടികൾ ഉദിക്കുന്നില്ലാത്തതുമാണ്. കൂടാതെ, റിസർവ്വ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 01.01.1977 ന് മുമ്പുള്ള കുടിയേറ്റ കർഷകരെ WP(C) 4501/2018 ലെ 08.11.2018 ലെ വിധിയോ, WA. No.. 694/2019 ലെ 18.03.2019 ലെ വിധിയോ, യാതൊരു കാരണവശാലും ബാധിക്കുന്നതല്ല. ടി വിധികൾ പ്രകാരം ആരെയും റിസർവ്വ് വനത്തിൽ നിന്നും കുടിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. |

**സെക്ഷൻ ഓഫീസർ**